(ബി) ഗോഡൗൺ മാറ്റി സ്ഥാപിക്കുന്നതിന് എതിരായ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) മാർക്കറ്റ് നവീകരണം പ്രാവർത്തികമാക്കാൻ എത്ര നാളിനുള്ളിൽ ഗോഡൗൺ മാറ്റി സ്ഥാപിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക ഗോഡൗൺ മാറ്റുന്നതിലേക്ക് അനുയോജ്യമായ കെട്ടിടം കണ്ടുപിടിക്കാൻ റീജിയണൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉചിതമായ കെട്ടിടം ലഭ്യമല്ലാത്തതാണ് കാരണം.

(സി) അനുയോജ്യമായ കെട്ടിടം ലഭ്യമായാലുടൻ ഗോഡൗൺ മാറ്റി സ്ഥാപിക്കാവുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഹെൽപ്പർ തസ്തികയിലേക്കുള്ള നിയമനം

56 [1063] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഹെൽപ്പർ തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുത്തവരുടെ ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിൽ ഇനിയുള്ള ഒഴിവുകൾ എത്രയാണ്;

(സി) ഇതിൽ എത്ര പിന്നോക്കക്കാർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിലേക്കുള്ള നിയമനം അടിയന്തിരമായി നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 935 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 116 ഒഴിവുകൾ. ഇവയിൽ 98 ഒഴിവുകൾ പി.എസ്.സി.-ക്ക് 1-12-2003-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി, ഡി) 935 പേരെ നിയമിച്ചതിൽ 476 പേർ പിന്നോക്കക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly